**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3309** **15-02-2024 - ൽ മറുപടിയ്ക്ക്**

**പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി 15.7 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും, 12.57 കോടി രൂപയുടെ ധനാനുമതിയും ലഭിച്ചിട്ടുണ്ട്. കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായുള്ള 19(1) നോട്ടിഫിക്കേഷൻ 19/05/2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വിഭാഗത്തിൽ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിച്ച് പാലത്തിന്റെ നിർമ്മാണോദ്ഘാടനം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലത്തിന്റെ സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അവലോകനം ചെയ്തശേഷം സാങ്കേതികമായ ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. അത് പ്രകാരമുള്ള തിരുത്തലുകൾ പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കിയ ഡിസൈൻ വിഭാഗത്തിൽ നടന്നു വരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാം. |

സെക്ഷൻ ഓഫീസർ